13614
24/12/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - ഭാരത് ഭവനിലെ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(കൈ) നം.17/2020/സാം.കാ.വ തീയതി,തിരുവനന്തപുരം, 21/12/2020

പരാമർശം:- 1 15.03.2015 ലെ സ.ഉ (കൈ) നമ്പർ 08/2015/സാം കാ വ

2 20.01.2016-ലെ സ.ഉ (പി) നം.7/2016/ധനം

3 03.08.2016-ലെ ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയുടെ ബി.ബി. നം പി. ആർ /29/2016 നമ്പർ കത്ത്.

ഉത്തരവ്

സാംസ്കാരിക കാര്യ വകുപ്പിന് കീഴിലെ ഭാരത് ഭവനിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ സ്ഥിരം ജീവനക്കാർക്ക് പരാമർശം 1 പ്രകാരം 9-ാം ശമ്പളപരിഷ്കരണം അനുവദിച്ച് നൽകിയിട്ടുണ്ട്. ഭാരത് ഭവൻ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ച് നൽകണമെന്ന് ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പരാമർശം 3 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരത് ഭവനിലെ പാർട്ട് ടൈം സ്വീപ്പർ ഒഴികെയുള്ള സർക്കാർ അംഗീകാരമുള്ള സ്ഥിരം തസ്തികകളുടെ ശമ്പളം , അലവൻസുകൾ എന്നിവ 20/01/2016- ലെ സ . ഉ ( പി ) നം .07/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| തസ്തിക | എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|
| മെമ്പർ സെക്രട്ടറി | 1 | Consolidated pay | Consolidated pay |
| ക്ലർക്ക് - കം - ലൈബ്രറി അസിസ്റ്റന്റ് | 1 | 9190-15780 | 18000-41500 |
| പ്യൂൺ | 1 | 8500-13210 | 16500-35700 |
| പ്യൂൺ കം നൈറ്റ് വാച്ച്മാൻ | 1 | 8500-13210 | 16500-35700 |

(a) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. 20 /01/2016 ലെ സ . ഉ ( പി ) നം. 7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 13 ലെ വ്യവസ്ഥകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ് .

(b) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016- ലെ സ . ഉ ( പി ) നം. 7/2016/ ധന സർക്കാർ ഉത്തരവിന്റെ അനക്സർ III ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് . പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കീം പ്രാബല്യത്തിൽ വരുന്ന തീയതി 01.02.2016 ആണ് .

(c) വീട്ടു വാടക ബത്ത 20 /01/2016 ലെ സ. ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ് .

(d) സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016- ലെ സ . ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ് . ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ് .

(e) റേഷ്യോ പ്രൊമോഷൻ / അപ്ഗ്രഡേഷൻ / തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല .

(f) സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ , Deputation, താൽക്കാലികം ദിവസക്കൂലി , കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല .

(g) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം , അലവൻസുകൾ , ലീവ് , പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .

(h) സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും സ്ഥാപനത്തിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ് .

(i) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ് .

(j) കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല . ഇത്തരം ജീവനക്കാരെ നിയമിക്കേണ്ടി വരുന്ന സാഹചര്യത്തിൽ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും , ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്ക് ശേഷം അവസാനിപ്പിക്കേണ്ടതുമാണ് .

(k) ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ സ്പെഷ്യൽ അലവൻസ് അർഹതയുണ്ടായിരിക്കുന്നതാണ് .

(l) കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്കനുസൃതമായി മാത്രമേ EPF വിഹിതം ജീവനക്കാരിൽ നിന്നും ഈടാക്കാവൂ .

(m) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ഭാരത് ഭവൻ മെമ്പർ സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റാണി ജോർജ്ജ്**
**സെക്രട്ടറി**

പകർപ്പ്
മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്. പി. ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക/വെബ് & ന്യൂ മീഡിയാ വകുപ്പ്
ധനകാര്യ വകുപ്പ് (Edn C3/188/2019/Fin)
പൊതു ഭരണ (എസ് സി) വകുപ്പ് (ഇനം നമ്പർ 4301 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

രഹസ്യം

A.S
Rh
5/11/20

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-11-2020

ഫയൽ നം. എ1/300/2016/സി.എൽ.എ.ഡി. ഇനം നം: 4301

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - ഭാരത് ഭവനിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

4/11/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

4301

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | | |
|---|---|---|---|
| 1) | ഫയൽ നമ്പർ | | എ 1/300/2016/സി.എൽ.എ.ഡി |
| 2) | വകുപ്പ് | | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | | ഭാരത് ഭവനിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം അനുവദിച്ച് നൽകുന്നത് - സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | | 11/06/2020 |
| 5) | (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അതെ |
| | (ii) | ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | | ശ്രീ അജിത്ത് കെ ജോസഫ് |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | | 19/10/2020 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. വിശ്വാസ് മേത്ത |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 28/10/2020 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | | ശ്രീ എ. കെ. ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 02/11/2020 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | | 02/11/2020 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സാംസ്കാരിക കാര്യ വകുപ്പിന് കീഴിലെ ഭാരത് ഭവനിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ സ്ഥിരം ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഭവൻ തിരുവിതാംകൂർ - കൊച്ചി ലിറ്റററി, സൈന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമാണ്. കേരളത്തിൽ സ്ഥിരതാമസമാക്കിയ ഇന്ത്യയിലെ ഇതര പ്രദേശങ്ങളിൽ നിന്നുള്ളവരും കേരളീയരുമായുള്ള സാംസ്കാരിക സമന്വയം പ്രോത്സാഹിപ്പിക്കൽ, ഇന്ത്യയിലൊട്ടാകെയുള്ള കലാ സാംസ്കാരിക പരിപാടികൾക്ക് വേദിയൊരുക്കൽ, വിവിധ ഇന്ത്യൻ ഭാഷകളുടെ പഠനം തുടങ്ങിയ ലക്ഷ്യങ്ങൾക്കാണ് ഭാരത് ഭവൻ വിഭാവനം ചെയ്തിരിക്കുന്നത്. ബഹു സാംസ്കാരിക മന്ത്രി ചെയർമാനായുള്ള ജനറൽ കൗൺസിലും നിർവ്വാഹക സമിതിയുമാണ് ഭാരത് ഭവന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

3) 15.03.2015 ലെ സ.ഉ (കൈ) നമ്പർ 08/2015/സാം കാ വ പ്രകാരം ഭാരത് ഭവനിലെ ജീവനക്കാർക്ക് ഒമ്പതാം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകിയിട്ടുണ്ട്. ഭാരത് ഭവൻ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ഭാരത് ഭവൻ മെമ്പർ സെക്രട്ടറി സമർപ്പിച്ചിരുന്നു.

4) പ്രസ്തുത പ്രൊപ്പോസലിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

**"ഭാരത് ഭവനിലെ പാർട്ട് ടൈം സ്വീപ്പർ ഒഴികെ സർക്കാർ അംഗീകാരമുള്ള സ്ഥിരം തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ 20/01/2016- ലെ സ.ഉ(പി)നം . 07/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചു നൽകാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു .**

| തസ്തിക | എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|
| മെമ്പർ സെക്രട്ടറി | 1 | Consolidated pay | Consolidated pay |
| ക്ലർക്ക് - കം - ലൈബ്രറി അസിസ്റ്റന്റ് | 1 | 9190-15780 | 18000-41500 |
| പ്യൂൺ | 1 | 8500-13210 | 16500-35700 |

| | | | |
|---|---|---|---|
| | | | |
| പ്യൂൺ കം നൈറ്റ് വാച്ച്മാൻ | 1 | 8500-13210 | 16500-35700 |

(a) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. 20/01/2016 ലെ സ.ഉ(പി)നം.7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 13 ലെ വ്യവസ്ഥകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

(b) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ(പി) നം.7/2016/ ധന സർക്കാർ ഉത്തരവിന്റെ അനക്സർ III ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കീം പ്രാബല്യത്തിൽ വരുന്ന തീയതി 01.02.2016 ആണ്.

(c) വീട്ടു വാടക ബത്ത 20 /01/2016 ലെ സ.ഉ(പി)നം.7/2016/ ധന നമ്പർ ഉത്തരവിന്റ ഖണ്ഡിക 14 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

(d) സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016- ലെ സ.ഉ(പി) നം.7/2016/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

(e) റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

(f) സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, Deputation, താൽക്കാലികം ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

(g) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.

(h) സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും

നിയമനം നൽകുന്നതിലേയ്ക്കായി ഒരു പാർട്ട് ടൈം സ്വീപ്പറുടെ സ്ഥിരം തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിലാണ് ഭാരത് ഭവനിലെ പാർട്ട് ടൈം സ്വീപ്പർ ഒഴികെ സർക്കാർ അംഗീകാരമുള്ള സ്ഥിരം തസ്തികകളുടെ ശമ്പളം,അലവൻസുകൾ എന്നിവ 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകുന്നതിന് ബഹു.ധനമന്ത്രി തലത്തിൽ അംഗീകാരം നൽകിയിരുന്നത് എന്നുള്ള വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു. "

6) മേൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി അധികസാമ്പത്തിക ബാധ്യതയായി പ്രതിവർഷം 1,89,787/- രൂപയും (ഒരു ലക്ഷത്തി എൺപത്തിഒൻപതിനായിരത്തി എഴുനൂറ്റി എൺപത്തിഏഴ് രൂപ മാത്രം) ശമ്പള കുടിശ്ശികയായി 7,59,298/- രൂപയും (ഏഴ് ലക്ഷത്തി അൻപത്തിഒൻപതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) ആവശ്യമായി വരും. ടി തുക സ്ഥാപനത്തിന്റെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്.

7) ഫയൽ ഉത്തരവിനായി ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകി.

## തീരുമാനിക്കേണ്ട വിഷയം

ഭാരത് ഭവനിലെ പാർട്ട് ടൈം സ്വീപ്പർ ഒഴികെയുള്ള സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക്, പത്താം ശമ്പള പരിഷ്കരണം, കുറിപ്പിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണോ?